**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3627** **14-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി പയ്യനാട് സ്റ്റേഡിയം നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സന്തോഷ് ട്രോഫി ഫുട്ബാൾ മത്സരത്തിൽ വിജയിച്ച കേരള ടീമിന് സർക്കാർ എന്തെല്ലാം പ്രോത്സാഹനമാണ് നൽകിയത്; | (എ) | **75-മത് സന്തോഷ് ട്രോഫി ഫുട്ബോൾ മത്സരത്തിൽ വിജയിച്ച കേരള ടീമിലെ കളിക്കാർക്കും മുഖ്യപരിശീലകനും 5 ലക്ഷം രൂപ വീതവും മൂന്ന് ടീം ഒഫിഷ്യൽസിന് 3 ലക്ഷം രൂപവീതവും പാരിതോഷികം നൽകുകയുണ്ടായി. ടീം അംഗങ്ങൾക്ക് ആദരവ് അർപ്പിക്കുന്നതിനായി 30.06.2022ന് നിയമസഭാ മന്ദിരത്തിൽ വച്ച് സംഘടിപ്പിച്ച ചടങ്ങിൽ ബഹു.മുഖ്യമന്ത്രി ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്യുകയുണ്ടായി.** |
| (ബി) | സന്തോഷ് ട്രോഫി മത്സരം നടന്ന മഞ്ചേരിയിലെ പയ്യനാട് സ്റ്റേഡിയത്തിൽ ടിക്കറ്റ് എടുത്തവർക്കുപോലും ഇരുന്ന് കളി കാണാൻ കഴിഞ്ഞില്ല എന്നത് ഗൗരവമായി കാണുന്നുണ്ടോ; | (ബി) | **ഉണ്ട്** |
| (സി) | പ്രസ്തുത സ്റ്റേഡിയത്തെ ഇൻഡ്യൻ സൂപ്പർ ലീഗ് വരെ നടത്താൻ കഴിയുന്ന വലിയ ഒരു സ്റ്റേഡിയമായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) | **കിഫ്ബി ഫണ്ട് ഉപയോഗിച്ച് പയ്യനാട് സ്റ്റേഡിയം നവീകരിക്കുന്നത് സംബന്ധിച്ച് ധനകാര്യ മന്ത്രിയ്ക്ക് കത്തയച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ